# പെൺകുട്ടികൾക്ക് ഭീഷണിയായി ഹോർമോൺ ഷാമ്പൂ

**സുനിൽ. സി. എൻ**

സമൃദ്ധമായ മുടി വളർച്ചക്കായി ഹോർമോണുകൾ ചേർത്ത് തയ്യാറാക്കുന്ന ഷാമ്പൂ പെൺകുട്ടികളുടെ സ്വാഭാവികവളർച്ചയെ തടസ്സപ്പെടുത്തുന്നതായി വിദഗ്ദ്ധാഭിപ്രായം. ബാല്യം നഷ്ടപ്പെടുത്തിക്കൊണ്ട് ഇന്നത്തെ പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ ലൈംഗിക വളർച്ചയുള്ളവരാക്കിത്തീർക്കുന്നതിൽ ഹോർമോൺ ഷാമ്പൂകൾക്ക് സുപ്രധാന പങ്കുണ്ടെന്നാണ് ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുള്ളത്.

അമേരിക്കയിലെ ടെക്സാസിലെ ബ്രൂക്ക് ആർമി മെഡിക്കൽ സെന്ററിലെ പീഡിയാട്രിക് എൻഡ്രോക്രൈനോളജി മുൻ തലവൻ ചന്ദ്ര തിവാരിയാണ് ഇത്തരമൊരു വെളിപ്പെടുത്തൽ നടത്തിയത്.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇളംപ്രായത്തിൽ തന്നെ ഋതുമതികളാകുക, സ്തനവളർച്ച, രോമവളർച്ച തുടങ്ങിയ ലൈംഗികമാറ്റങ്ങൾ പ്രകടമാകുക എന്നിവ ഇന്നത്തെ പെൺകുട്ടികളിൽ വർദ്ധിച്ചു വരുന്നതായി പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. എട്ടുവയസ്സ് തികയുമ്പോഴേക്കും 'വയസ്സറിയിക്കുന്ന' പെൺകുട്ടികളുടെ എണ്ണം ഇന്ന് ഏറെ കൂടുതലാണ്. ഇങ്ങനെ അകാലത്തിൽ ഋതുമതികളാകുന്നതും പെൺകുട്ടികളിൽ മാദകത്വം വർദ്ധിച്ചുവരുന്നതും ആരോഗ്യവിദഗ്ദ്ധരുടെ വളരെ നാളുകളായുള്ള ചർച്ചാവിഷയമാണ്. ഭക്ഷണക്രമത്തിലെ മാറ്റവും അന്തരീക്ഷമലിനീകരണവുമാണ് ഈ മാറ്റങ്ങൾക്ക് കാരണമെന്ന് അമേരിക്കയിലെ പെൺകുട്ടികളുടെ ഇടയിൽ നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തിയിരുന്നു . എന്നാൽ അമേരിക്കൻ പെൺകുട്ടികളേക്കാൾ ആഫ്രിക്കൻ- അമേരിക്കൻ പെൺകുട്ടികളിൽ ഈ പ്രവണതകൾ കൂടുതൽ പ്രകടമായതോടെയാണ് ആഴത്തിലുള്ള പഠനം ആരംഭിച്ചത്.

ആഫ്രിക്കൻ - അമേരിക്കൻ പെൺകുട്ടികൾ വ്യാപകമായി ഉപയോഗിക്കുന്ന ഹോർമോൺ അട



ങ്ങിയ ഷാമ്പൂവിന്റേയും മറ്റു കേശസൗന്ദര്യവർദ്ധക വസ്തുക്കളുടേയും സ്വാധീനം ചെറുപ്രായത്തിൽ തന്നെ ഋതുമതികളാവുന്നതിന് കാരണമായിട്ടുണ്ടെന്നാണ് ഇപ്പോൾ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. നിരീക്ഷണവിധേയരാക്കിയ പല പെൺകുട്ടികളിലും ഇത്തരം ഷാമ്പൂവിന്റേയും മറ്റ് ഉല്പന്നങ്ങളുടേയും ഉപയോഗം ആരംഭിച്ചതോടെ ലൈംഗികമാറ്റങ്ങൾ ദൃശ്യമാവുകയും ഉല്പന്നങ്ങൾ ഉപേക്ഷിച്ചതോടെ അത്തരം ലക്ഷണങ്ങൾ ഇല്ലാതാവുകയും ചെയ്തതായി വിദഗ്ദ്ധർ സാക്ഷ്യപ്പെടുത്തുന്നു.

ഇവയെല്ലാം ഒറ്റപ്പെട്ട പഠനങ്ങളാണ് എന്നതിനാൽ ഹോർമോൺ ഷാമ്പൂവുമായി ബന്ധപ്പെട്ട വാദങ്ങൾ പൂർണമായും സ്വീകരിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇത്തരമൊരു അപകടം നിലനിൽക്കുന്നതിനുള്ള സാധ്യത ശാസ്ത്രലോകം തള്ളിക്കളയുന്നുമില്ല. ആർത്തവാരംഭം വൈകുക, ശരീരപുഷ്ടി കുറയുക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഹോർമോൺ ചികിത്സ സുപ്രധാനമായ ഒന്നാണ്. ഇത്തരം ഹോർമോണുകൾ ത്വക്കിലൂടെ ശരീരത്തിലെത്തുമെന്ന് ഡോക്ടർമാർ അംഗീകരിക്കുന്നു. ഇവ ചേർന്ന ഷാമ്പൂ തലയിൽ തേയ്ക്കുമ്പോൾ തലയോട്ടിയിലൂടെ ഈ ഹോർമോണുകൾ ശരീരത്തിനകത്ത് പ്രവേശിപ്പിക്കുക തന്നെ ചെയ്യുമെന്നും അവർ സമ്മതിക്കുന്നു.

സൗന്ദര്യമത്സരത്തിന്റേയും ഫാഷൻ ഷോയുടേയും ഭ്രമം വർദ്ധിക്കുന്ന ഇക്കാലത്ത് പെൺകുട്ടികളെ അതിനായി ഒരുക്കിയെടുക്കുന്ന ഗൂഢതന്ത്രമായും ഇതിനെ ചിലർ വിലയിരുത്തുന്നുണ്ട്. ഷാമ്പൂ ഉപയോഗത്തിലൂടെ പരോക്ഷമായി ഹോർമോൺ ചികിത്സക്ക് പെൺകുട്ടികൾ വിധേയമാക്കപ്പെടുന്നതോടെ തങ്ങളുടെ ആവശ്യത്തിനായുള്ള 'മാദകത്തിടമ്പ്'കളെ സൃഷ്ടിച്ചെടുക്കുക എന്ന പ്രക്രിയ അരങ്ങേറുന്നതായാണ് സംശയിക്കപ്പെടുന്നത്.

(അവലംബം: ഡൗൺ ടു എർത്ത്)